പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : pro.cpcr@gmail.com

24.11.2023

# ഒൻപതാം ക്ലാസ് വിദ്യാർഥിയെ പുന:പ്രവേശിപ്പിക്കണം -ബാലാവകാശ കമ്മീഷൻ

ഇടുക്കി : കട്ടപ്പന നരിയംപാറ മന്നം മെമ്മോറിയൽ ഹൈസ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട ഒൻപതാം ക്ലാസ് വിദ്യാർഥിക്ക് പുന:പ്രവേശനം നൽകാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പറാക്ടിവിറ്റി ഡിസോഡർ (ADHD) അസുഖമുള്ള കുട്ടിയെ അച്ചടക്കമില്ലെന്ന കാരണം പറഞ്ഞ് സ്കൂളിൽ നിന്ന് സസ്പെന്റ് ചെയ്ത സാഹചര്യത്തിൽ കമ്മിഷൻ അംഗം എൻ. സുനന്ദയാണ് വിദ്യാർഥിക്ക് പുന:പ്രവേശനം നൽകാൻ തൊടുപുഴ വിദ്യാഭ്യാസ ഉപഡറക്ടർക്ക് നിർദ്ദേശം നൽകിയത്. കുട്ടിയേയും അമ്മയേയും നേരിൽ കേൾക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഹിയറിംഗ് നടത്തിയുമാണ് കമ്മിഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. കുട്ടിയുടെ അസുഖത്തിന് ആവശ്യമായ ചികിത്സയും മറ്റു സൗകര്യവും ജില്ലാ ശിശുസംരക്ഷണ ഓഫീസർ ഉറപ്പാക്കണം. കുട്ടികൾക്കെതിരായി സ്കൂളിൽ പീഡനമോ അവകാശ ലംഘനമോ ഉണ്ടായാൽ നിയമ നടപടിക്ക് ഉത്തരവ് പുറപ്പെടുവിക്കാനും കമ്മിഷൻ നിർദ്ദേശം നൽകി. ഒന്നാം ക്ലാസ് മുതൽ ഈ സ്കൂളിൽ പഠിക്കുന്ന കുട്ടിക്ക് ADHD അസുഖമാണെന്ന് മനസ്സിലാക്കുകയോ കുട്ടിയോട് അതിനനുസൃതമായ സമീപനം സ്വീകരിക്കുകയോ ചെയ്യുന്നതിൽ സ്കൂൾ അധികാരികൾക്ക് വീഴ്ച സംഭവിച്ചു. സ്കൂൾ പ്രിൻസിപ്പാളിനെതിരെ ആരംഭിച്ച വകുപ്പുതല അച്ചടക്ക നടപടി സമയബന്ധിതമായി പൂർത്തിയാക്കാനും, കമ്മീഷൻ ഉത്തരവിൻമേൽ എടുത്ത നടപടി റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

പബ്ലിക് റിലേഷൻസ് ഓഫീസർ